കാസ്റ്റിക് സോഡാപ്ലാൻറ്

*൪൯൫. (൫൫) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) എഫ്. എ. സി. ടി.-യോടനുബന്ധിച്ച് കാസ്റ്റിക് സോഡാപ്ലാൻറിന്റെ പണി ആരംഭിച്ചോ;

(ബി) ആരാണ് പണിയുന്നത്;

(സി) കൺട്രാക്ട് വ്യവസ്ഥ എന്തെന്നു പറയാമോ;

(ഡി) കൺട്രാക്ടിൽ അമോണിയം സംഫേറ്റ് കൊടുത്തുകൊള്ളാമെന്ന വ്യവസ്ഥയുണ്ടോ?

വ്യവസായവും, ഏക്സൈസും, പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കണ്ണൂരാമൻ):

(എ) ആരംഭിച്ചു.

(ബി) ചില പണികൾക്കുവേണ്ടി ശ്രീ. പി. എ. മാത്യു, ആലുവാ, South Indian Corporation, Cochin, എന്നിവർക്ക് കൺട്രാക്ട് കൊടുത്തിട്ടുണ്ട്.

(സി) പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റിലും മറ്റും സാധാരണ കൺട്രാക്ട് കൊടുക്കുന്ന വ്യവസ്ഥ അനുസരിച്ചാണ്.

(ഡി) ഇല്ല.

ശ്രീ. പോൾ തളിയത്ത്: ഈ കൺട്രാക്ട് കൊടുത്തതു ഗവൺമെന്റാണോ കമ്പനിയാണോ?

ശ്രീ. എൻ. കണ്ണൂരാമൻ: കമ്പനിക്കാരാണ്.

സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ടെൻഡർ വിളിച്ചാണോ കൺട്രാക്ട് കൊടുത്തത്?

ശ്രീ. എൻ. കണ്ണൂരാമൻ: അതേ.

അമോണിയം സംഫേറ്റ് നിർമ്മാണം

*൪൯൬. (൫൬) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) അമോണിയം സംഫേറ്റുണ്ടാക്കുവാനുള്ള 'ജിപ്സം' എന്ന അസംസ്കൃത പദാർത്ഥം എവിടെനിന്നാണ് കൊണ്ടുവരുന്നത്;

(ബി) ആരാണ് കൊണ്ടുവരുന്നത്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) തൂത്തുക്കുടിയിൽനിന്ന്.

(ബി) ഫെർട്ടിലൈസേഴ്സ് കമ്പനിക്കാർ. അതു മദ്രാസിലെ ഒരു കമ്പനിക്കു പാട്ടം കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. എസ്. ജോസഫ്: ആരാണ് ഇവിടെ കൊണ്ടുവരുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ഈ കമ്പനിയിൽനിന്നും വാങ്ങിക്കുകയാണ്. ശേഷശായി ബ്രദേഴ്സിനു അതിൽ ഒരു പങ്കുണ്ട്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: ഈ ജിപ്സം impure ആണെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly